ഉത്തരം

(എ) ഉണ്ട്.

(ബി) വനംവകുപ്പിന്റെ അധീനതയിലുള്ള സ്ഥലം വിട്ടു കിട്ടാത്തതിനാലാണ് ഈ റോഡിന്റെ നിർമ്മാണം സ്തംഭനാവസ്ഥയിലാകാൻ കാരണം.

(സി) വനംവകുപ്പിന്റെ അധീനതയിലുള്ള സ്ഥലം വിട്ടു കിട്ടുന്ന മുറയ്ക്ക് റോഡ് നിർമ്മാണം ആരംഭിക്കുന്നതാണ്.

വാവങ്ങാട് വൈദ്യുതി സബ്സ്റ്റേഷന് സമീപത്തെ ഗതാഗത തടസ്സം നീക്കാൻ നടപടി

155 (3032) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സ്റ്റേറ്റ് ഹൈവേ 38-ൽപ്പെട്ട പുതിയങ്ങാടി-ഉള്ളിയേരി റോഡിൽ വാവങ്ങാട് വൈദ്യുതി സബ് സ്റ്റേഷന് അടുത്ത് മഴക്കാലമാകുമ്പോൾ വെള്ളം കയറുകവഴി ഗതാഗത തടസ്സം വരുന്നുവെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അവിടെ റോഡ് ഉയർത്തുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി കഴിഞ്ഞുവോ ;

(ഡി) കഴിഞ്ഞുവെങ്കിൽ പണി എന്ന് തുടങ്ങുവാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി-ഡി) ഈ റോഡ് ഉയർത്തി മഴ വെള്ളം അഴുക്കുചാലിലേയ്ക്ക് തിരിച്ചുവിടാൻ വേണ്ടി 15 ലക്ഷം രൂപയ്ക്കുള്ള ഒരു എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പണി ഏറ്റെടുക്കുന്നതാണ്.

റാന്നി പി. ഡബ്ലിയു. ഡി. റസ്റ്റ് ഹൗസ് നിർമ്മാണം

156 (3033) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ മതിയായ ഫണ്ടുണ്ടായിട്ടും റാന്നി പി.ഡബ്ലിയു.ഡി. റസ്റ്റ് ഹൗസ് നിർമ്മാണം ടെൻഡർ ചെയ്യാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) വെച്ചൂച്ചിറ പോളിടെക്നിക്കിന് സൗജന്യമായി സ്ഥലം ലഭിച്ചിട്ടുണ്ടോ ;

(സി) ഇതിനുള്ള കെട്ടിടം നിർമ്മിക്കുവാൻ ഭരണാനുമതിക്കായി റഫ്കോസ്റ്റ് എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ എന്നാണ് നിർദ്ദേശം നൽകിയിരിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly